## പിന്നോക്കസമുദായക്ഷേമം

82. പിന്നാക്ക സമുദായക്ഷേമത്തിന് 114 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രവിഹിതമടക്കം പിന്നാക്ക സമുദായ സ്കോളർഷിപ്പിന് 50 കോടി രൂപയും ഒഇസിയുടെ വിദ്യാഭ്യാസ സഹായത്തിന് 100 കോടി രൂപയും വകയിരുത്തുന്നു. പരമ്പരാഗത കളിമൺ പാത്ര നിർമ്മാണത്തിന്റെ പ്രോത്സാഹനത്തിന് 2 കോടി രൂപയും കുംഭാര കോളനികളുടെ വികസനത്തിന് 5 കോടി അധികമായും വകയിരുത്തുന്നു. പരമ്പരാഗത കൈവേലക്കാർക്ക് ടൂൾ കിറ്റു നൽകുന്നതിന് 3 കോടി രൂപയും ബാർബർ ഷോപ്പുകളുടെ നവീകരണത്തിന് 2 കോടി രൂപയും വകയിരുത്തുന്നു. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന് 10 കോടി രൂപ അധികമായി അനുവദിക്കുന്നു.

## ന്യൂനപക്ഷക്ഷേമം

83. ന്യൂനപക്ഷ ക്ഷേമത്തിന് 91 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ഏറ്റവും പ്രധാനം വിധവകൾക്കും ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും വേണ്ടിയുള്ള പ്രത്യേക ഭവനപദ്ധതിയ്ക്കുള്ള 58 കോടി രൂപയാണ്. അതുപോലെ ന്യൂനപക്ഷങ്ങൾ, കേന്ദ്രീകരിക്കുന്ന ബ്ലോക്കുകളുടെ ബഹുമുഖ വികസന പദ്ധതികൾക്ക് കേന്ദ്രവിഹിതമടക്കം 25 കോടി രൂപയുണ്ട്. പൊതുപരീക്ഷകൾക്കും മറ്റും വേണ്ടി പരിശീലിപ്പിക്കുന്ന 14 പുതിയ കോച്ചിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

## മുന്നോക്കസമുദായക്ഷേമം

84. മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്നവർക്കുവേണ്ടി 42 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 17 കോടി രൂപ സ്കോളർഷിപ്പും